# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 1991 – 11/03/2020 - ലെ മറുപടിക്ക്

### കേന്ദ്ര സർക്കാർ കോർപ്പറേറ്റ് നികുതി വെട്ടിക്കുറച്ചത്

ചോദ്യം

ശ്രീ.കെ.ജെ. മാക്സി

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്

(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | കേന്ദ്ര നികുതി ഘടനകളിൽ മാറ്റം വരുത്തിയ നിലവിലെ കേന്ദ്ര സർക്കാർ, കോർപ്പറേറ്റ് നികുതി വെട്ടിക്കുറച്ചതും ആയതുമൂലം സംസ്ഥാനത്തെ പ്രത്യക്ഷ നികുതി വരുമാനം ഗണ്യമായി കുറഞ്ഞതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | കേന്ദ്രസർക്കാർ കൈക്കൊണ്ടവികലമായ സാമ്പത്തികനയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിതഫലമായി സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകുകയും ഇത് സംസ്ഥാനത്തിന്റെ സമ്പത്ത് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ GST നിരക്കുകൾ വെട്ടിക്കുറച്ചതും സംസ്ഥാനത്തെ തനത് നികുതി വരുമാനത്തിൽ കുറവുണ്ടാക്കുകയും ഇത് സംസ്ഥാനത്തിന്റെ വിഭവസമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കുകയും ചെയ്തിട്ടുണ്ട്. കോർപ്പറേറ്റ് നികുതി നിരക്ക് വെട്ടിക്കുറച്ചതു മൂലം സംസ്ഥാനത്തിന് ലഭിക്കുന്ന കേന്ദ്ര നികുതി വിഹിതത്തിലും കുറവ് വന്നിട്ടുണ്ട്. കൂടാതെ, പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്രസർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർനിർമ്മാണത്തിന് വാർഷിക വായ്പാ പരിധിയ്ക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാപരിധി ഉയർത്തുന്നതിനോ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടില്ല. അതേസമയം, വികസനപ്രവർത്തനങ്ങൾ തടസ്സം കൂടാതെ നടപ്പിലാക്കുന്നത് ഉറപ്പു വരുത്തേണ്ടതും പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർസൃഷ്ടിക്കേണ്ടതുമുണ്ട്. |
| (ബി) | ഇത്തരം കേന്ദ്ര സർക്കാർ തീരുമാനങ്ങളും പ്രവർത്തനങ്ങളും സംസ്ഥാന സാമ്പത്തിക അവസ്ഥയേയും സാമ്പത്തിക പ്രവർത്തനങ്ങളെയും എത്തരത്തിൽ ബാധിക്കുന്നുവെന്ന് ധനകാര്യ വകുപ്പ് പരിശോധിച്ചുവോ; വിശദമാക്കാമോ; | |

| | | |
|---|---|---|
| (സി) | എങ്കിൽ ആയത് സംബന്ധിച്ച പ്രതിസന്ധി പരിഹരിക്കാൻ ധനവകുപ്പ് സ്വീകരിച്ച് വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാ മാണെന്ന് വ്യക്തമാക്കുമോ? | നിലവിലെ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും ചെലവുകൾ വെട്ടിച്ചുരുക്കിക്കൊണ്ട് സംസ്ഥാന ധനനയത്തിൽ ഒരു അടിസ്ഥാനതിരുത്തലും വരുത്തില്ല. ക്ഷേമവികസന പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നടപ്പിലാക്കുകയെന്ന ലക്ഷ്യത്തോടെയാണ് സർക്കാർ പ്രവർത്തിക്കുന്നത്. നികുതിപിരിവ് ഊർജ്ജിത പ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നൽ നൽകി കൊണ്ടും നിലവിലെ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചു വരുന്നത്. കൂടാതെ, ബജറ്റിനു പുറത്ത് നമ്മുടെ ഭാവി വരുമാനത്തിന്റെ ഈടിൽ വലിയ തോതിൽ ധനം സമാഹരിച്ച് അടിസ്ഥാന സൗകര്യവികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി കിഫ്ബി വഴി നാളിതുവരെ 54,391.47 കോടി രൂപയുടെ 679 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ